# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 3<br>January 3 | 2020 |
|---|---|

*1193 ധനു 18* വെള്ളി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ഹൈടെക് സംവിധാനങ്ങളിൽ മുന്നിട്ട്**
**ചിറ്റാർ ഗവ. ഹയർ സെക്കന്ററി സ്കൂൾ**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടപ്പാക്കി വരുന്ന ഹൈടെക് സ് കൂൾ- ഹൈടെക് ലാബ് പദ്ധതി പ്രകാരം ജില്ലയിൽ ഏറ്റവും കൂടുതൽ പഠന സഹായം ലഭിച്ച സർക്കാർ സ്കൂളുകളിൽ മുന്നിട്ട് നിൽക്കുകയാണ് ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ. ചിറ്റാർ ഗവ.ഹയർ സെക്കന്ററി സ്കൂളിന് പദ്ധതി പ്രകാരം 43 ലാപ് ടോപ്പ്, 25 പ്രൊജക്ടർ, ഒരു ടെലിവിഷൻ, ര ് വെബ്ക്യാം, ഒരു മൾട്ടി പ്രിന്റർ, ഒരു ഡി.എസ്.എൽ.ആർ ക്യാമറ എന്നിങ്ങനെയാണ് ലഭിച്ചത്.

സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ 16 ലാപ്ടോപ്പും 12 പ്രൊജക്ടറും, യു.പി വിഭാഗത്തിൽ ഒൻപത് ലാപ്ടോപ്പും നാല് പ്രൊജക്ടറുമാണ് ക്ലാസുകൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പഠന അനുബന്ധ സംവിധാനങ്ങളായി ലഭിച്ചത്.

പ്ലസ്ടു വിഭാഗത്തിൽ പത്ത് ക്ലാസുകളിലായി 10 പ്രൊജക്ടറുകളും പത്ത് ലാപ് ടോപ്പും ലാബിൽ എട്ട് ലാപ്ടോപ്പുകളും വിദ്യാർഥികളുടെ പഠന ക്ലാസുകളെ ലളിതമാക്കാൻ ലഭ്യമായിട്ടു ്.

ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടുവരെ 1329 വിദ്യാർഥികളും 50 അധ്യാപകരുണമാണ് ഉള്ളത്. സങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർഥികളെ പഠിപ്പിക്കാൻ അധ്യാപകർക്ക് കൈറ്റ് പ്രത്യേക പരിശീലനം നൽകിയിരുന്നു. ഹൈടെക് ക്ലാസുകൾ പഴയ പഠനരീതിയേക്കാൾ വിജ്ഞാനപ്രദമാണെന്ന് വിദ്യാർഥികൾ സാക്ഷ്യപ്പെടുത്തുന്നു.

***ഫോട്ടോയു ്***

***ചിറ്റാർ സ്കൂൾ:-*** ചിറ്റാർ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ഹൈടെക് സംവിധാനത്തിൽ ക്ലാസ് നടക്കുന്നു.

(പിഎൻപി 3888/19)

## ശിശുക്ഷേമ കേന്ദ്രത്തിലെ കുരുന്നുകൾക്കായി സംഭാവന നൽകി ഗ്രാമവികസന വകുപ്പ് ജീവനക്കാർ

ജില്ലയിലെ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഓമല്ലൂർ ഐമാലിയിൽ പ്രവർത്തിക്കുന്ന ശിശുക്ഷേമ കേന്ദ്രത്തിൽ ഈ മാസത്തെ നടത്തിപ്പിനായുള്ള തുക ഗ്രാമവികസന വകുപ്പ് ജീവനക്കാർ തങ്ങളുടെ ശമ്പളത്തിൽ നിന്നും നൽകി മാതൃകയായി. കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ഗ്രാമവികസന വകുപ്പ് ജീവനക്കാർ പിരിച്ചെടുത്ത തുക രാജു എബ്രഹാം എം.എൽ.എ ശിശുക്ഷേമ കേന്ദ്രത്തിന്റെ ജില്ലാ ട്രഷറർ ഭാസ്കരൻ നായർക്ക് കൈമാറി.

51,000 രൂപയാണ് ജീവനക്കാർ സ്വരൂപിച്ച് നൽകിയത്. ശിശുക്ഷേമ കേന്ദ്രത്തിന് ഒരു മാസത്തെ ചെലവ് 50,000 രൂപയാകും. 12 ആൺകുട്ടികളും മൂന്നു പെൺകുട്ടികളും അടക്കം 15 കുട്ടികളാണു ശിശുക്ഷേമ കേന്ദ്രത്തിലെ അന്തേവാസികൾ. ഇവരിൽ ഒന്നര വയസു മുതൽ ഏഴു വയസുവരെ പ്രായമുള്ള കുട്ടികളാണുള്ളത്. ശിശുക്ഷേമ കേന്ദ്രത്തിന്റെ നടത്തിപ്പിനു തുക സമാഹരിക്കുന്നതിനായി സുമനസുകളുടെ സഹായം തേടാൻ ജില്ലാ ശിശുക്ഷേമകേന്ദ്രം മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടു ്.

എ.ഡി.എം അലക്സ് പി.തോമസ്, ജില്ലാ പ്ലാനിംഗ് ഓഫീസർ വി. ജഗൽ കുമാർ, എ.ഡി.സി(ജനറൽ) കെ.കെ വിമൽ രാജ്, എഡിസി(പിഎ) വിനോദ് കുമാർ, ജില്ലാ തല ഓഫീസർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്:** *4)* ശിശുക്ഷേമ സമിതിയുടെ ഓമല്ലൂർ ഐമാലിയിലെ ശിശുക്ഷേമ കേന്ദ്രത്തിനു നൽകുന്നതിന് ഗ്രാമവികസന വകുപ്പ് ജീവനക്കാർ സമാഹരിച്ച 51,000 രൂപ രാജു എബ്രഹാം എം.എൽ.എ ശിശുക്ഷേമ കേന്ദ്രത്തിന്റെ ജില്ലാ ട്രഷറർ ഭാസ്കരൻ നായർക്ക് കൈമാറുന്നു.

(പിഎൻപി 3889/19)

## ലൈഫ് കുടുംബസംഗമം; കോയിപ്രം ബ്ലോക്ക് യോഗം ഇന്ന് (4)

ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ ബ്ലോക്ക്തല കുടുംബ സംഗമവും അദാലത്തും സംഘടിപ്പിക്കുന്നതിന് മുന്നോടിയായി

ഇന്ന്(4) രാവിലെ 11ന് കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ഹാളില്‍ വീണാ ജോര്‍ജ് എംഎല്‍ എയുടെ അധ്യക്ഷതയില്‍ യോഗം ചേരും.

(പിഎന്‍പി 3890/19)

## ലൈഫ് കുടുംബസംഗമം; റാന്നി ബ്ലോക്ക് യോഗം ഇന്ന് (4)

ലൈഫ് മിഷന്‍ പദ്ധതി പ്രകാരം വീട് നിര്‍മ്മാണം പൂര്‍ത്തിയാക്കിയ ഗുണഭോക്താക്കളുടെ ബ്ലോക്ക്തല കുടുംബ സംഗമവും അദാലത്തും സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ഇന്ന്(4) ഉച്ചകഴിഞ്ഞ് 2.30ന് റാന്നി ബ്ലോക്ക് പഞ്ചായത്ത് കോണ്‍ഫറന്‍സ് ഹാളില്‍ രാജു എബ്രഹാം എംഎല്‍എയുടെ അധ്യക്ഷതയില്‍ യോഗം ചേരും.

(പിഎന്‍പി 3891/19)

## ലൈഫ് കുടുംബസംഗമം; പന്തളം നഗരസഭ യോഗം ഇന്ന് (4)

ലൈഫ് മിഷന്‍ പദ്ധതി പ്രകാരം വീട് നിര്‍മ്മാണം പൂര്‍ത്തിയാക്കിയ ഗുണഭോക്താക്കളുടെ നഗരസഭതല കുടുംബ സംഗമം സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ഇന്ന്(4) രാവിലെ 10.30ന് പന്തളം നഗരസഭ കൗണ്‍സില്‍ ഹാളില്‍ ചിറ്റയം ഗോപകുമാര്‍ എംഎല്‍എയുടെ അധ്യക്ഷതയില്‍ യോഗം ചേരും.

(പിഎന്‍പി 3892/19)

## അടൂര്‍ താലൂക്ക് വികസന സമിതി യോഗം

അടൂര്‍ താലൂക്ക് വികസന സമിതിയോഗം ഇന്ന് (ജനുവരി 4) രാവിലെ 10.30ന് അടൂര്‍ താലൂക്ക് ഓഫീസില്‍ ചിറ്റയം ഗോപകുമാര്‍ എംഎല്‍എയുടെ അധ്യക്ഷതയില്‍ നടക്കും. ബന്ധപ്പെട്ടവര്‍ പങ്കെടുക്കണമെന്ന് തഹസീല്‍ദാര്‍ അറിയിച്ചു.

(പിഎന്‍പി 3893/19)

## ജില്ലാതല ഏകോപന സമിതി യോഗം

ഏഴാമത് സാമ്പത്തിക സെന്‍സസുമായി ബന്ധപ്പെട്ട ജില്ലാതല ഏകോപന സമിതിയുടെ ആദ്യ യോഗം ഇന്ന് (ജനുവരി 4) ഉച്ചകഴിഞ്ഞ് ര ിന് കളക്ടറേറ്റില്‍ എഡിഎമ്മിന്റെ ചേംബറില്‍ ചേരും.

(പിഎന്‍പി 3894/19)

## ശബരിമല: ഇന്ന് (4) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍

ശബരിമല തീര്‍ഥാടനത്തോട് അനുബന്ധിച്ച് ഇന്ന് (4) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍:- ഷൈന്‍ മെഡിക്കല്‍സ് കോന്നി, പത്തനംതിട്ട ആശ്വാസം കമ്മ്യൂണിറ്റി ഫാര്‍മസി കടമ്മനിട്ട റോഡ് പത്തനംതിട്ട, മഠത്തില്‍ മെഡിക്കല്‍സ് കോഴഞ്ചേരി, എം.ജി ഫാര്‍മ ഐ.എച്ച്.ആര്‍.ഡി കോളജിന് എതിര്‍വശം- അടൂര്‍, വിഷ്ണു

മെഡിക്കൽസ് എം.എം ജംഗ്ഷൻ പന്തളം, തിരുവല്ല സേവന മെഡിക്കൽസ് കുന്നത്തുപറമ്പിൽ ഷോപ്പിംഗ് കോംപ്ലക്സ്, സെന്റ് ജോർജ് മെഡിക്കൽസ് മന്ദമാരുതി റാന്നി, നീതി മെഡിക്കൽ സ്റ്റോർ പെരുനാട്.

(പിഎൻപി 3895/19)

## ദർഘാസ്

ജില്ലാ സ്റ്റേഷനി ഓഫീസുമായി ബന്ധപ്പെട്ട ഗതാഗത കയറ്റിറക്കു കരാറിനായി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു. ദർഘാസ് ഫോറം ഈ മാസം 29 ന് ഉച്ചയ്ക്ക് ര ു വരെ ലഭിക്കും. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 30 ന് ഉച്ചയ്ക്ക് ര ുവരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0468 2319493.

.

(പിഎൻപി 3896/19)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| ജനുവരി 3<br>**January 3** | **2020** |

***1193 ധനു 18*** വെള്ളി

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) **ഫോൺ 0468-2222657**

**ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ സംഗമം**
**ജില്ലയിൽ വിപുലമായി നടത്തും**

**നഗരസഭ - ബ്ലോക്ക്തല സംഗമങ്ങൾ 18നകം നടത്തും;**
**ജില്ലാതല സംഗമം മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും**

**സംഗമത്തിൽ വിവിധ സേവന വകുപ്പുകളുടെ സ്റ്റാളുകളും**

ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ര ു ലക്ഷം വീടുകൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതല ഗുണഭോക്തൃ സംഗമവും 5000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും നടത്തും. സംസ്ഥാനത്ത് ഒന്നും ര ും ഘട്ടങ്ങളിലായി ര ു ലക്ഷം വീടുകളുടെ നിർമാണം ഈ മാസം പൂർത്തിയാകും. ഇതോടനുബന്ധിച്ച് ജനുവരി 18ന് മുൻപ് ജില്ലയിലെ നഗരസഭ, ബ്ലോക്ക് തലങ്ങളിൽ ഭവന നിർമാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ കുടുംബ സംഗമവും വിവിധ സേവന വകുപ്പുകളുടെ അദാലത്തും ന ടത്തും.

ജില്ലയിലെ അടൂർ, പന്തളം, പത്തനംതിട്ട, തിരുവല്ല എന്നീ നാലു നഗരസഭകളിലും ഇലന്തൂർ, കോയിപ്രം, കോന്നി, മല്ലപ്പള്ളി, പന്തളം, പറക്കോട്, പുളിക്കീഴ്, റാന്നി എന്നീ എട്ടു പഞ്ചായത്തുകളിലാണു കുടുംബ സംഗമം നടക്കുക. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സ്റ്റാളുകളുടെ പ്രവർത്തനവും കുടുംബസംഗമത്തോടനുബന്ധിച്ച് ഒരുക്കും. സ്റ്റാളുകളിൽ 60 ശതമാനം വിലക്കുറവിൽ ഉത്പന്നങ്ങൾ ലഭ്യമാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സിവിൽ സപ്ലൈസ് വകുപ്പ്, കൃഷി വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, കുടുംബശ്രീ, ഐ.ടി വകുപ്പ്(അക്ഷയ കേന്ദ്രം), ഫിഷറീസ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വ്യവസായ വകുപ്പ്, പട്ടികജാതി –പട്ടികവർഗ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, റവന്യൂ, ശുചിത്വ മിഷൻ, വനിതാ ശിശു വികസനം, ഗ്രാമവികസന വകുപ്പ്, ലീഡ് ബാങ്ക് എന്നീ വകുപ്പുകളുടെ സ്റ്റാളുകളും കുടുംബസംഗമത്തിൽ ഒരുക്കും. ഈ സ്റ്റാളുകളിൽ നിന്നു വിവിധ സേവനങ്ങളും ലഭിക്കും.

ര ാം ഘട്ടത്തിൽ ജില്ലാതല ഗുണഭോക്തൃ സംഗമവും 5000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും ജനുവരി മൂന്നാം വാരം വനം വന്യജീവി വകുപ്പ് മന്ത്രി കെ.രാജു നിർവഹിക്കും. തദേശസ്ഥാപന വാർഡുകളിൽ നിന്ന് നിർദേശിക്കുന്ന ഒരു ഗുണഭോക്താവും ജില്ലയിലെ മുഴുവൻ ജനപ്രതിനിധികളും ജില്ലാതല ഗുണഭോക്തൃ സംഗമത്തിൽ പങ്കെടുക്കും. ലൈഫ് മിഷൻ പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും ഉപഹാരം നൽകും.

(പിഎൻപി 3897/19

## ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല സംഗമം; സംഘാടകസമിതി രൂപീകരിച്ചു

ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ര ് ലക്ഷം വീടുകൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായുള്ള ജില്ലാതല ഗുണഭോക്തൃ സംഗമവും 5000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും വിജയിപ്പിക്കുന്നതിനായി 151 അംഗ സംഘാടകസമിതി രൂപീകരിച്ചു.

സംഘാടക സമിതി രൂപീകരണ യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി ഉദ്ഘാടനം ചെയ്തു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അലക്സ്.പി.തോമസ് അധ്യക്ഷത വഹിച്ചു. ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി.പി സുനിൽ സംഗമം സംബന്ധിച്ച് വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലീലാ മോഹൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് മോഹൻ രാജ് ജേക്കബ്, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ എൻ.ഹരി എന്നിവർ സംസാരിച്ചു.

തുടർന്ന് സ്വാഗതസംഘം രൂപീകരിച്ചു. വനംവന്യജീവി വകുപ്പ് മന്ത്രി അഡ്വ.കെ.രാജു രക്ഷാധികാരിയും ജില്ലയിലെ എം.പി, എം.എൽ.എ മാർ എന്നിവർ ഉപരക്ഷാധികാരികളും ആയിരിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി ചെയർപേഴ്സണും ജില്ലാകളക്ടർ പി.ബി നൂഹ് ജനറൽ കൺവീനറും, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജോൺസൺ പ്രേംകുമാർ ജോയിന്റ് കൺവീനറും ആയിരിക്കും.

ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരും സേവന വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും സംഘാടകസമിതി അംഗങ്ങളായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് അധ്യക്ഷനായി ധനകാര്യ സബ്കമ്മിറ്റിയും ജില്ലാ

പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയര്‍പേഴ്സണ്‍ എലിസബത്ത് അബു അധ്യക്ഷയായി റിസപ്ഷന്‍ സബ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയര്‍പേഴ്സണ്‍ ലീലാ മോഹന്‍ അധ്യക്ഷയായി പ്രോഗ്രാം സബ് കമ്മിറ്റിയും സംഗമം നടക്കുന്ന സ്ഥലത്തെ തദ്ദേശ സ്ഥാപന അധ്യക്ഷന്‍ ചെയര്‍പേഴ്സണായി റിവാര്‍ഡ് & റീഫ്രഷ്മെന്റ് സബ്കമ്മിറ്റിയും രൂപീകരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ലൈഫ് മീറ്റിംഗ്:–*** കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ലൈഫ് മിഷന്‍ കുടുംബ സംഗമത്തിന്റെ സംഘാടകസമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂര്‍ണാ ദേവി ഉദ്ഘാടനം ചെയ്യുന്നു.

.

(പിഎന്‍പി 3898/19)




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 3 <br> January 3 | 2020 |
| --- | --- |

*1193 ധനു 18* വെള്ളി

# പത്രക്കുറിപ്പ് -3



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468–2222657


### ഹെപ്പറ്റൈറ്റിസ് എ രോഗത്തിനെതിരേ ജാഗ്രത പുലർത്തുക: ഡിഎംഒ

മലിന ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന ഹെപ്പറ്റൈറ്റിസ് എ രോഗം പടർന്നു പിടിക്കാതിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ.എൽ. ഷീജ അറിയിച്ചു.

***ലക്ഷണങ്ങൾ***

ശരീരവേദനയോടു കൂടിയ പനി, തലവേദന, ക്ഷീണം, ഓക്കാനം, ഛർദി എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. തുടർന്ന് മൂത്രത്തിലും കണ്ണിലും ശരീരത്തിലും മഞ്ഞനിറം പ്രത്യക്ഷപ്പെടും. രോഗം ബാധിച്ചവരുടെ മലത്തിൽ കൂടിയും ഛർദിയിൽ കൂടിയും പുറത്തു വരുന്ന രോഗാണുക്കൾ ജലസ്രോതസുകളിൽ എത്തിച്ചേരുന്നു. രോഗി ശരിയായ വ്യക്തിശുചിത്വം പാലിക്കാത്തതും രോഗ പകർച്ചയ്ക്ക് കാരണമാകും.

***നിയന്ത്രണ മാർഗങ്ങൾ***

കിണറുകളും മറ്റ് കുടിവെള്ള സ്രോതസുകളും ഇടയ്ക്കിടെ ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കണം. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിവെള്ളമായി ഉപയോഗിക്കാവൂ. ചുരുങ്ങിയത് അഞ്ചു മിനിറ്റു നേരമെങ്കിലും കുടിവെള്ളം തിളപ്പിക്കണം. ആഹാര സാധനങ്ങൾ അടച്ചു സൂക്ഷിക്കണം. ആഹാരം കഴിക്കുന്നതിനു മുൻപും മലവിസർജനത്തിനു

ശേഷവും കൈകൾ ശരിയായ രീതിയിൽ സോപ്പ് ഉപയോഗിച്ച് കഴുകണം. ശുദ്ധമായ വെള്ളം ഉപയോഗിച്ച് ഉ ാക്കിയതാണെന്ന് ഉറപ്പില്ലാത്ത സിപ്പ് അപ്പ്, ഐസ്ക്രീം, മറ്റ് ശീതള പാനീയങ്ങൾ തുടങ്ങിയവ കഴിക്കരുത്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഐസ് ശീതള പാനീയങ്ങളിൽ ചേർത്ത് കഴിക്കുന്നത് മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങൾ പകരുന്നതിന് കാരണമാകുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

**വിദഗ്ധ സംഘം സന്ദർശിച്ചു**

മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത തിരുവല്ല തുകലശേരി സിഎസ്ഐ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. അമർഫെറ്റിലിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം പരിശോധിച്ചു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്നും രോഗം നിയന്ത്രണ വിധേയമാണെന്നും സംഘം അറിയിച്ചു.

(പിഎൻപി 3899/19)

## പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് പകർന്നുനൽകി തണൽ 2020

പ്ലാസ്റ്റിക് ദുരുപയോഗം ഭാവി തലമുറയെ നശിപ്പിക്കുന്നതാണെന്ന ബോധ്യം നമ്മുക്കുവളർന്നു വരണമെന്നും അതാണ് തണൽ 2020 പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും കെ.യു ജനീഷ് കുമാർ എം.എൽ.എ പറഞ്ഞു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വി.കോട്ടയം ഗവ.എൽ.പി.സ്കൂളിൽ സംഘടിപ്പിച്ച തണൽ 2020 പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ഹരിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി നിർവഹിച്ചു. ചെറു വനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്ന പച്ചതുരുത്ത് പദ്ധതിയുടെ ഉദ്ഘാടനം പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ തൈ നട്ട് നിർവഹിച്ചു.

ഗവ.എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ എൻ.എസ്.എസ് ഹൈസ്കൂൾ പി.ടി.എ പ്രസിഡന്റ് എം.ജി മധു അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ കോർഡിനേറ്റർ ആർ രാജേഷ് പദ്ധതി അവതരണം നടത്തി.

പ്ലാസ്റ്റിക് ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പങ്കാളിളാക്കു ന്നിന്റെ ഭാഗമായി, സ്കൂൾ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിലുകളും തുണി സഞ്ചി ഉപയോഗം പ്രോത്സാഹിപ്പിക്കാൻ 250 തുണി സഞ്ചികളും ജില്ലാ പഞ്ചായത്ത് വികസന സ്ഥാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു ചടങ്ങിൽ വിതരണം ചെയ്തു. വാട്ടർബോട്ടിൽ സ്പോൺസർ ചെയതത് റോട്ടറി ക്ലബും തുണി സഞ്ചി തയ്യാറാക്കിയത് തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന അംഗങ്ങളുമാണ്.

ബ്ലോക്ക് പഞ്ചായത്ത് അംഗം ജയശ്രീ സുലോചന, പ്രമാടം ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സുലോചന ദേവി, സജിതാ അജി, ഹരിത കേരളം മിഷൻ ആർ.പി ഗോകുൽ, ആതിര ഓമനക്കുട്ടൻ എന്നിവർ പങ്കെടുത്തു. തണൽ 2020 പദ്ധതി ഭാഗമായി പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ പ്രദർശനവും, ജൈവ വൈവിധ്യ ഫോട്ടോ ഗാലറി പ്രദർശനം നടന്നു.

***ഫോട്ടോ അടിക്കുറിപ്പ്: തണൽ:-*** ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വി.കോട്ടയം ഗവ.എൽ.പി.സ്കൂളിൽ സംഘടിപ്പിച്ച തണൽ 2020 പദ്ധതിയുടെ ഉദ്ഘാടനം കെ.യു ജനീഷ് കുമാർ എം.എൽ.എ നിർവഹിക്കുന്നു.

(പിഎൻപി 3900/19)

**കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു**

സംസ്ഥാനത്തെ വോട്ടർ പട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ഈ വോട്ടർ പട്ടികയിൽ തിരുത്തലുകളോ, പരാതികളോ ഉ ങ്കിൽ ഈ മാസം 15 വരെ ഉന്നയിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു. പുറത്തിറക്കിയ കരട് വോട്ടർപട്ടിക താലൂക്ക്/വില്ലേജ് ഓഫിസുകളിൽ പരിശോധനയ്ക്കായി ലഭിക്കും. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിലും (ceo.kerala.gov.in), കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ (electoralsearch.in) പോർട്ടലിലും പട്ടികയുടെ പകർപ്പ് ലഭ്യമാണ്. പട്ടികയിലെ വിവരങ്ങളിൽ മാറ്റം വരുത്തുന്നതിനോ, പുതുതായി പേരു ചേർക്കുന്നതിനോ, തടസങ്ങൾ ഉന്നയിക്കുന്നതിനോ ഈ വെബ്സൈറ്റുകൾ മുഖാന്തരം ഓൺലൈനായി അപേക്ഷിക്കാം.

(പിഎൻപി 3901/19)

**ഒ ബി സി പ്രീമെട്രിക് സ്കോളർഷിപ്പ്; ബാങ്ക് അക്കൗ ് വിവരങ്ങൾ നൽകണം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന ഒ ബി സി പ്രീമെട്രിക് സ് കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ 2015-2016, 2016-2017,2017-2018 വർഷങ്ങളിൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടും തുക ലഭിക്കാത്ത ഒ ബി സി പ്രീമെട്രിക് വിദ്യാർഥികളുടെ ന്യൂനത പരിഹരിച്ച ബാങ്ക് അക്കൗ ് വിവരങ്ങൾ നിശ്ചിത മാതൃകയിൽ പ്രധാനധ്യാപകർ ലഭ്യമാക്കണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അയക്കേ വി ലാസം: മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, ര ാംനില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം -682 030, ഫോൺ : 0484-2429130.

(പിഎൻപി 3902/19)

**ലൈഫ് മിഷൻ യോഗം**

ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ ബ്ലോക്ക്തല കുടുംബ സംഗമവും അദാലത്തും സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോയിപ്രം ബ്ലോക്ക്തല അവലോകന യോഗം ഇന്ന് (4) രാവിലെ 11 ന് കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വീണാ ജോർജ് എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേരും.

(പിഎൻപി 3903/19)

## റേഷൻ വിതരണം

ജില്ലയിലെ എല്ലാ താലൂക്കുകളിലും ഡിസംബർ മാസത്തെ വിതരണത്തിനായി അനുവദിച്ചിരുന്ന റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ഇന്ന് (4) വരെ റേഷൻ കടകളിൽ നിന്നും ലഭ്യമാകും.

(പിഎൻപി 3904/19)

## പന്തളം മുൻസിപ്പാലിറ്റിയിലെ വിദ്യാലയങ്ങളിൽ ടാലന്റ് ഡേ ഇന്ന് (4)

സംസ്ഥാനത്ത് ആദ്യമായി പൊതു വിദ്യാഭ്യാസ ഗവേഷണം എന്ന നിലയിൽ ടാലന്റ് ലാബ് സാധ്യത എല്ലാ വിദ്യാലയങ്ങളിലും അന്വേഷിക്കുന്നതിന്റെ ഭാഗമായി ഇന്ന് (4) പന്തളം മുൻസിപ്പാലിറ്റി പരിധിയിലെ 14 സ്കൂളുകളിൽ രാവിലെ 10 മുതൽ നാലു വരെ ടാലന്റ് ഡേ നടക്കും. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതി നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടിയാണിത്.

വിദ്യാലയങ്ങളിൽ കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ ക ത്തി പ്രോത്സാഹനവും പരിശീലനവും നൽകി അംഗീകരിക്കാൻ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ടാലന്റ് ലാബ്. ടാലന്റ് ലാബിന്റെ പ്രായോഗിക പരിശീലന പരിപാടി എങ്ങനെ നടപ്പാക്കണമെന്ന് സർക്കാർ ഒരു പ്രോജക്റ്റ് മുന്നോട്ടുവെച്ചിരുന്നു. പന്തളത്ത് ഇന്ന് (4) നടക്കുന്ന ടാലന്റ് ഡേയ്ക്ക് മുന്നോടിയായി പന്തളം ബി.ആർ.സിയിൽ അധ്യാപകർ, വിവിധ മേഖലയിൽ പ്രഗൽഭരായ 40 പേർക്കായി പരിശീല നം സംഘടിപ്പിച്ചു. പരിശീലനത്തിൽ ഡോ ടി.പി കലാധരൻ, സി.ആർ.സി പരിശീലകയായ ഷമീ ന ബാനു ക്ലാസുകൾ നയിച്ചു. പൊതുവിദ്യാഭ്യാസ യജ്ഞം ജില്ലാ കോഡിനേറ്റർ രാജേഷ് എസ്. വള്ളിക്കോട്, റിസർച്ച് ഓഫീസർമാരായ നിഷി എം.കെ, വിനീഷ്എന്നിവർ നേതൃത്വം നൽകി.

ടാലന്റ് ഡേയിൽ പങ്കെടുക്കുന്ന കഴിവുകളെ പ്രാദേശിക വിദഗ്ധരും അധ്യാപകരും വിലയിരുത്തും. കുട്ടികളുടെ കഴിവുകൾ ഏത് മേഖലയിൽ ആണെന്ന് ക ത്തിയതിനു ശേഷം ആ മേഖലയിൽ വിദഗ്ധരുടെ പരിശീലനം ഉൾപ്പെടുത്തി കഴിവുകൾ വികസിപ്പിക്കുക യാണ് ടാലന്റ് ലാബിന്റെ ഉദ്ദേശം.

(പിഎൻപി 3905/19)

## ആനക്കുട്ടിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് പ്രചരിക്കുന്നതെന്ന് തെറ്റായ വാർത്തകൾ: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

കോന്നി ആന ക്യാമ്പിലെ പിഞ്ചു എന്ന ആനക്കുട്ടിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് യാഥാർത്ഥ്യത്തിന് നിരക്കാത്തതും തെറ്റിദ്ധാരണാജനകവുമായ ചില കാര്യങ്ങളാണ് സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്നതെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. എക്സ്റേ എടുക്കാൻ മയക്കുമരുന്ന് കുത്തിവച്ചതിൽ ഡോക്ടർക്ക് കൈപ്പിഴ പറ്റിയതു വഴി ആനക്കു ട്ടിയുടെ പിൻകാലുകൾ തളർന്നു മരണവുമായി മല്ലിടുന്നു എന്ന രീതിയിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാ ജനകവുമാണെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.

ജന്മനാ തന്നെ ഒരു കാലിന് വൈകല്യവും അനാരോഗ്യവും നിരന്തരമായ രോഗബാധ യുമുള്ളതിനാൽ ഡോക്ടറുടെ നിർദ്ദേശാനുസരണവും കേരള ചീഫ് വൈൽഡ് ലൈഫ്

വാർഡന്റെ  അനുമതിയുടെയും അടിസ്ഥാനത്തിൽ ഈ ആനക്കുട്ടിയെ  മയക്കി എക്സ് റേ എടുത്തിരുന്നു.  ചീഫ്  ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ഡോ.ഇ.കെ ഈശ്വരൻ,  കോന്നി അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ ഡോ.ശ്യാംചന്ദ്രൻ, മറ്റ് പരിചയ സമ്പന്നരായ  വെറ്റിനറി ഓഫീസർമാർ  എന്നിവരാണ്  രോഗ നിർണയ  പരിശോധനയ്ക്ക് നേതൃത്വം  നൽകിയത്.

നാട്ടാന പരിചരണത്തിൽ  പ്രാവീണ്യവും പരിചയവുമുള്ള ഡോ. ഇ.കെ ഈശ്വരന്റെ  നിർദ്ദേശ പ്രകാരമാണ് തുടർ ചികിത്സ നടന്നുവരുന്നത്. ആനയുടെ  ആരോഗ്യനില തൃപ്തികരമല്ലെങ്കിലും നൽകാൻ കഴിയുന്ന ഏറ്റവും നല്ല ചികിത്സയും പരിചരണവുമാണു നൽകി വരുന്നതെന്നും അദ്ദേഹം അറിയിച്ചു.

.

(പിഎൻപി 3906/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.